# കേരള സർവകലാശാല

നം.പി.ആർ.39/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

ഫെബ്രുവരി 18 ന് നടത്താനിരുന്ന സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ 2019 ഫെബ്രുവരി 26 ന് മുൻ നിശ്ചയിച്ച സമയത്ത് അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ മ്യൂസിക് പ്രാക്ടിക്കൽ ഫെബ്രുവരി 23 നും 26 നും അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഫെബ്രുവരിയിൽ നടത്തുന്ന ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) പ്രാക്ടിക്കൽ ഫെബ്രുവരി 26, 28, മാർച്ച് 6, 8 തീയതികളിൽ അതതു പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (2013 സ്കീം സപ്ലിമെന്ററി) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ വൈവാ വോസി (13807) പ്രാക്ടിക്കൽ 2019 ഫെബ്രുവരി 25 നും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ വൈവാ വോസി (13808) പ്രാക്ടിക്കൽ ഫെബ്രുവരി 26 നും വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 മാർച്ചിൽ ആരംഭിക്കുന്ന റെഗുലർ ബി.ടെക് അഞ്ചാം സെമസ്റ്റർ (2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന മൂന്നും അഞ്ചും സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### ബിൽ ഹാജരാക്കണം

2017 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ, 2018 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ, 2018 മേയിൽ നടന്ന ഒന്നാം സെമസ്റ്റർ എന്നീ പി.ജി പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ പങ്കെടുത്ത അദ്ധ്യാപകർ റെമ്യൂണറേഷൻ ബിൽ, ഡാറ്റാഷീറ്റ്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ മാർച്ച് 1 ന് മുൻപായി അതതു പി.ജി സെക്ഷനുകളിൽ എത്തിക്കേണ്ടതാണ്.

## പരീക്ഷാഫലം

2018 ഒക്ടോബറിൽ ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം നടത്തിയ എം.ഫിൽ മലയാളം (2017 – 2018 ബാച്ച്) പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ്, ഫിസിക്സ് പരീക്ഷാഫലം വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ഏപ്രിലിൽ നടത്തുന്ന മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എം.പി.ഇ) പ്രീവിയസ് ആന്റ് ഫൈനൽ (റഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 28 വരെയും 50 രൂപ പിഴയോടെ മാർച്ച് 2 വരെയും 125 രൂപ പിഴയോടെ മാർച്ച് 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ചിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 27 വരെയും 50 രൂപ പിഴയോടെ മാർച്ച് 2 വരെയും 125 രൂപ പിഴയോടെ മാർച്ച് 6 വരെയും ഓൺലൈനായി അപേക്ഷിക്കാം.

2019 മാർച്ച് 25 ന് തുടങ്ങുന്ന നാലാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ മാർച്ച് 1 വരെയും 50 രൂപ പിഴയോടെ മാർച്ച് 6 വരെയും 125 രൂപ പിഴയോടെ മാർച്ച് 8 വരെയും അപേക്ഷിക്കാം.

## സ്റ്റുഡന്റ് വെൽഫയർ സ്കീം

2017 – 18, 2018 – 19 അദ്ധ്യയന വർഷങ്ങളിൽ സർവകലാശാലയിൽ പുതുതായി പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഇൻഷുറൻസ് ഇനത്തിൽ (മെഡിക്കൽ ആക്സിഡന്റ് ഇൻഷുറൻസ് പോളിസി സ്കീം – MAIPS) അതത് വർഷത്തെ ഇൻഷുറൻസ് പ്രീമിയം സർവകലാശാല സമാഹരിച്ചിട്ടുള്ളതാകുന്നു.

എന്നാൽ ഈ തുക വിദ്യാർത്ഥികളുടെ നിശ്ചിത കോഴ്സിന്റെ മുഴുവൻ കാലയളവിലേയ്ക്കും ഉപയോഗപ്രദമാകുന്നതിനായി, നിലവിലുണ്ടായിരുന്ന 'സ്റ്റുഡന്റ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം' – (SGPAIS) എന്ന പദ്ധതിക്കു പകരം, 'സ്റ്റുഡന്റ് വെൽഫയർ സ്കീം' എന്ന പേരിൽ ഒരു പുതിയ പദ്ധതി സർവകലാശാല ആവിഷ്ക്കരിച്ചിരിക്കുന്നു. സ്കീമിന്റെ ആനുകൂല്യങ്ങൾ:

1. നിശ്ചിത പഠന കാലയളവിനുള്ളിൽ മരണം സംഭവിച്ചാൽ മൂന്ന് ലക്ഷം രൂപ ലഭിക്കുന്നതായിരിക്കും.
2. അപകടത്തെത്തുടർന്നുള്ള ആശുപത്രിചികിത്സയ്ക്ക് (In Patient Treatment) പരമാവധി അൻപതിനായിരം രൂപ ലഭിക്കും.
3. രോഗങ്ങളുമായി ബന്ധപ്പെട്ട ആശുപത്രിചികിത്സയ്ക്ക് (In Patient Treatment) പരമാവധി അൻപതിനായിരം രൂപ ലഭിക്കും. എന്നാൽ ഒരു രോഗത്തിനായുള്ള ആശുപത്രി ചികിത്സയ്ക്ക് (In Patient Treatment) പരമാവധി ഇരുപതിനായിരം രൂപ ലഭിക്കും. അപേക്ഷാ ഫോം സർവകലാശാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

# <u>കാര്യശാല</u>

വേദാന്തപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 മുതൽ 10 വരെ 'യോഗ സമ്പൂർണ്ണ ആരോഗ്യത്തിന്' എന്ന പേരിൽ കാര്യശാല സംഘടിപ്പിക്കുന്നു. കണ്ണൂർ സർവകലാശാല യോഗ കോ – ഓർഡിനേറ്റർ ഡോ.കെ പദ്മനാഭൻ കാര്യശാലയ്ക്ക് നേതൃത്വം നൽകുന്നതാണ്. താൽപര്യമുള്ളവർ 8547201074, 7012766157 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
22.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098